ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ സമ്പൂർണ്ണ ശുചിത്വയജ്ഞം പരിപാടി കോട്ടയം ഒഴികെയുള്ള സംസ്ഥാനത്തെ എല്ലാ ജില്ലകളിലും, നിർമ്മൽ 2000 എന്ന സമ്പൂർണ്ണ ശുചിത്വ പരിപാടി കോട്ടയം ജില്ലയിലും നടപ്പിലാക്കി വരുന്നു.

(ബി) സമ്പൂർണ്ണ ശുചിത്വയജ്ഞം പരിപാടിക്ക് 3982.20 ലക്ഷം രൂപയും നിർമ്മൽ 2000 എന്ന സമ്പൂർണ്ണ ശുചിത്വപരിപാടിക്ക് 1095.96 ലക്ഷം രൂപയും ചെലവായിട്ടുണ്ട്. സമ്പൂർണ്ണ ശുചിത്വയജ്ഞം പരിപാടിക്ക് 2253.50 ലക്ഷം രൂപയും നിർമ്മൽ 2000 പരിപാടിക്ക് 520.785 ലക്ഷം രൂപയും കേന്ദ്ര വിഹിതമായി ലഭിച്ചിട്ടുണ്ട്.

(സി) എല്ലാ ജില്ലകളിലും സമ്പൂർണ്ണ ശുചിത്വപദ്ധതി നടപ്പിലാക്കിവരുന്നു. ഇതിലേക്കായി കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ റിലീസ് ചെയ്യുന്നതിനായി 2140 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാന വിഹിതം റിലീസ് ചെയ്യുന്നതിനായി 254.669 ലക്ഷം രൂപ ഇതിനകം റിലീസ് ചെയ്തിട്ടുണ്ട്.

(ഡി) വരുന്ന നാല് വർഷത്തിനുള്ളിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഹെറിട്ടേജ് സെന്ററുകളായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള പ്രദേശങ്ങൾ

79 [1765] ശ്രീ. ഇ. എം. അഗസ്തി:
„ ടി. എൻ. പ്രതാപൻ:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. ലൂഡി ലൂയിസ്:
„ എം. പി. ഗംഗാധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹെറിട്ടേജ് സെന്ററുകളായി നിർണ്ണയിക്കപ്പെട്ടിട്ടുള്ള എത്ര പ്രദേശങ്ങൾ ഉണ്ട്; അവ ഏതെല്ലാം;

(ബി) ഈ പ്രദേശങ്ങളുടെ സംരക്ഷണത്തിന് ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് പറയാമോ;

(സി) ഇവ ഹെറിട്ടേജ് പ്രദേശങ്ങളാണെന്നും ഇവയുടെ ചരിത്രപരമായ പ്രത്യേകതകൾ നശിക്കാതെ സൂക്ഷിക്കണമെന്നും തദ്ദേശവാസികളിൽ അവബോധം സൃഷ്ടിക്കുവാൻ എന്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?
2/198/2013—19a.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്ത് രണ്ട് പ്രദേശങ്ങൾ ഹെറിട്ടേജ് പ്രദേശങ്ങളായി നിർണ്ണയിക്കപ്പെട്ടിട്ടുണ്ട്. അവ എറണാകുളം ജില്ലയിലെ കൊച്ചി കോർപ്പറേഷനിലുൾപ്പെട്ട ഫോർട്ട് കൊച്ചിയും, തിരുവനന്തപുരം കോർപ്പറേഷനിലുൾപ്പെട്ട കോട്ടയ്ക്കകവുമാണ്.

(ബി) ഹെറിട്ടേജ് മേഖലയിൽ പുതിയതായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിന് ആർട്ട് & ഹെറിട്ടേജ് കമ്മീഷന്റെ അനുമതി നിർബന്ധമാക്കിയിട്ടുണ്ട്. കൂടാതെ നൂറ് വർഷത്തിൽ കൂടുതൽ പഴക്കമുള്ള കെട്ടിടങ്ങൾ പൊളിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഹെറിട്ടേജ് മേഖലയായ തിരുവനന്തപുരം കിഴക്കേകോട്ടയുടെ സമഗ്രമായ സംരക്ഷണ പ്രവർത്തനങ്ങൾ പുരാവസ്തു വകുപ്പിന്റെ മേൽനോട്ടത്തിൽ നടന്നുവരുന്നു.

(സി) പൈതൃക സംരക്ഷണം സംബന്ധിച്ച് തദ്ദേശവാസികൾക്ക് ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിച്ചിട്ടുണ്ട്. പൈതൃക മേഖലയായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള സ്ഥലങ്ങളിൽ താമസിക്കുന്നവരെ ഉൾപ്പെടുത്തി സംരക്ഷണ സമിതികൾ രൂപീകരിക്കുവാനും ബന്ധപ്പെട്ട മേഖലകളിൽ അവയുടെ സഹായ സഹകരണങ്ങൾ സ്വീകരിക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിക്കപ്പെട്ടിട്ടുള്ള ദേവാലയങ്ങൾ

80 [1766] ശ്രീ. എം എ. ചന്ദ്രശേഖരൻ:
„ സി. പി. മുഹമ്മദ്:
ശ്രീമതി രാധാരാഘവൻ:
ശ്രീ. ടി. വി. ചന്ദ്രമോഹൻ:
„ തേറമ്പിൽ രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ദേവാലയങ്ങൾ സംരക്ഷിത സ്മാരകങ്ങളായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്;

(ബി) ഇവയുടെ സംരക്ഷണത്തിനുവേണ്ടി എന്തെല്ലാം ചെയ്തുവരുന്നുവെന്നും ഇതിന് പ്രതിവർഷം എന്ത് ചെലവ് വരുന്നുണ്ട് എന്നും വ്യക്തമാക്കുമോ;

(സി) ഇവയുടെ സംരക്ഷണത്തിന് കേന്ദ്രത്തിൽ നിന്നും എന്തെല്ലാം സഹായങ്ങളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly